**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മണ്ഡലത്തിലെ എത്ര കൃഷിഭവനുകൾക്കു സ്വന്തമായി ഓഫിസ് കെട്ടിടമുണ്ട് ; വ്യക്തമാക്കുമോ; | (എ) | നിലവിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ വിൽവട്ടം, ഒല്ലൂർ, കൂർക്കഞ്ചേരി, അയ്യന്തോൾ എന്നീ നാല് കൃഷി ഭവനുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട്. കൂടാതെ ഒല്ലൂക്കര കൃഷി ഭവന്റെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. |
| (ബി) | സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾക്കു കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) | സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത തൃശ്ശൂർ കൃഷി ഭവൻ നിലവിൽ ജില്ലാ കാർഷിക സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കൃഷി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ